ദേശാഭിമാനി

28 July 2018

# 'നമ്മുടെ ഔഷധസസ്യങ്ങൾ' പ്രകാശനം ചെയ്തു




പ്രൊഫ. എം കെ പ്രസാദും പ്രൊഫ. എം കൃഷ്ണപ്രസാദും ചേർന്ന് രചിച്ച നമ്മുടെ ഔഷധസസ്യങ്ങൾ എന്ന പുസ്തകം ഡോ. എ ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്യുന്നു

**കൊച്ചി**

പ്രൊഫ. എം കെ പ്രസാദും പ്രൊഫ. എം കൃഷ്ണപ്രസാദും ചേർന്ന് രചിച്ച നമ്മുടെ ഔഷധസസ്യങ്ങൾ എന്ന പുസ്തകം പ്രകാശനം ചെയ്തു. എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പ്രകാശനം നിർവഹിച്ചു. ഹോർത്തൂസ് മലബാറിക്കൂസ് ഇരുനൂറിലേറെ ഔഷധസസ്യങ്ങളാണ് പരിചയപ്പെടുത്തിയതെങ്കിൽ ഈ പുസ്തകം അഞ്ഞൂറിലേറെ ഔഷധ സസ്യങ്ങളെ പരിചയപ്പെടുത്തുന്നുണ്ടെന്ന് ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ എൻ കൃഷ്ണകുമാർ ആദ്യ പ്രതി ഏറ്റുവാങ്ങി. പ്രസിദ്ധീകരണ സമിതി ചെയർമാൻ ഡോ. കാവുമ്പായി ബാലകൃഷ്ണൻ അധ്യക്ഷനായി.എംജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ. എം എസ് മുരളി, ബോട്ടണിവിഭാഗം തലവൻ ഡോ. കെ കൃഷ്ണകുമാർ, പ്രൊഫ. എം കെ പ്രസാദ്, പ്രൊഫ. എം കൃഷ്ണപ്രസാദ്, സി ഐ വർഗീസ്, കെ ശാന്തിദേവി എന്നിവർ സംസാരിച്ചു. ഔഷധ സസ്യങ്ങളുടെ പൊതു വിവരങ്ങളും അവയെ തിരിച്ചറിയാനുള്ള ലക്ഷണങ്ങളും പ്രതിപാദിക്കുന്ന പുസ്തകമാണ് നമ്മുടെ ഔഷധസസ്യങ്ങൾ. സാങ്കേതിക നാമം, സംസ്കൃതത്തിലും മലയാളത്തിലുമുള്ള പേര്, രാസഘടന, ആയുർവേദത്തിലും അലോപ്പതിയിലും ഹോമിയോയിലും ഉള്ള ഉപയോഗങ്ങൾ എന്നിവ വിശദീകരിക്കുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്താണ് പ്രസാധകർ.